(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

നിയമം ലംഘിച്ച് പ്രവർത്തിക്കുന്ന ലോട്ടറി വില്പന കേന്ദ്രങ്ങൾക്കെതിരെ നടപടി

105 [356] ശ്രീ. എം. വി. ജയരാജൻ:
,, വി. കെ. സി. മമ്മത് കോയ:
,, ടി. കെ. ദേവകുമാർ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ മറവിൽ അന്യ സംസ്ഥാനങ്ങളിലെ അനധികൃത ലോട്ടറികൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാനങ്ങളിലെ ഏതെല്ലാം ഓൺലൈൻ ലോട്ടറികളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിയമം ലംഘിച്ച് പ്രവർത്തിക്കുന്ന ലോട്ടറി വില്പന കേന്ദ്രങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന ലോട്ടറി വകുപ്പിന്റെ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത വില്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടാനും വില്പന നടത്തുന്നവരെ അറസ്റ്റ് ചെയ്യുവാനും സംസ്ഥാന പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) അന്യ സംസ്ഥാനങ്ങളുടെ ഓൺലൈൻ ലോട്ടറി വില്പന സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും നികുതി ഇനത്തിൽ എന്തു തുകയാണ് പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) നികുതിയിനത്തിൽ ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ഓൺലൈൻ ലോട്ടറിക്കാരിൽ നിന്നും പിരിച്ചെടുക്കാതെ ഓൺലൈൻ ലോട്ടറിക്കാർക്ക് അനുകൂലമായ നിലപാട് കോടതിയിൽ സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി ഖജനാവിൽ ലഭിക്കേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിയത് സംബന്ധിച്ച് ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ലോട്ടറി കേസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രേഖാമൂലം നൽകിയ ഗുരുതരമായ 9 ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് സർക്കാരിന് കത്ത് നൽകിയിരുന്നുവോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ;

(ഐ) എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്; അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) അനധികൃത അന്യ സംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം സെക്ഷൻ 7(3) പ്രകാരം 544 പരാതികൾ നൽകിയതിൽ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ഒരു പരാതിയിൽ മാത്രം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28-4-2004-ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 പരാതികൾ നൽകിയതിൽ 13-ലും കേസ്സ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരള സംസ്ഥാന ഭാഗ്യക്കുറി ഓൺലൈൻ ഭാഗ്യക്കുറി (നിയന്ത്രണ) നിയമം റൂൾ 24 (4) പ്രകാരം പൂട്ടി മുദ്രവച്ച ഭാഗ്യക്കുറി കേന്ദ്രങ്ങൾ വകുപ്പിന്റെ അനുമതിയില്ലാതെ തുറന്നതിനെതിരെ സംസ്ഥാനത്തുടനീളം വിവിധ പോലീസ് സ്റ്റേഷനുകളിൽ ഇൻഡ്യൻ ശിക്ഷാനിയമപ്രകാരം 33 പരാതികൾ നൽകിയതിൽ 6 പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 14-10-2003-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 13/2003 പ്രകാരം വ്യാജ ഭാഗ്യക്കുറികളുടെ വില്പന കർശനമായി തടയാൻ ഡി.ജി.പി. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-1-2004-ലെ ജി.ഒ.(ആർടി.) നമ്പർ 29/4/നി.വ. പ്രകാരം എല്ലാ ജില്ലകളിലും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ഓൺലൈൻ ലോട്ടറിയുടെ നടത്തിപ്പിനായി എൻഫോഴ്സ്മെന്റ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ സെക്ഷൻ 7 (3) പ്രകാരം നിയമവിരുദ്ധമായി ഭാഗ്യക്കുറി വിൽക്കുന്നവർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ജില്ലാകളക്ടർമാർക്കും 31-1-2004-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 5.26 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ആന്റ് ഐ) ഉണ്ട്. അന്വേഷണം നടന്നുവരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സംബന്ധിച്ച പരാതി നിയമ വകുപ്പ് സെക്രട്ടറിയും, നികുതി സംബന്ധമായ ഭാഗം നികുതി വകുപ്പ് സെക്രട്ടറിയും അന്വേഷിച്ചുവരുന്നു.

സർക്കാർ ധനസഹായം ലഭിക്കുന്ന കലാസാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം

106 [377] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ധനസഹായം പറ്റുന്നതും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ ഏതെല്ലാം കലാസാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടെന്നും, അവയ്ക്ക് ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക പ്രവർത്തനത്തിനായും സഹായധനമായും നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly